LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ജനറൽ നഴ്സിംഗ് & മിഡ്വൈഫറി, ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുകയും, പുതിയ നഴ്സിംഗ് സ്കൂളുകളും കോളേജുകളും തുടങ്ങുകയും ചെയ്തു. കൂടാതെ എം.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി.നഴ്സിംഗ് എന്നിവ സ്വകാര്യ മേഖലയിൽ ആരംഭിച്ചു.

ഗവൺമെന്റ് തലത്തിൽ നഴ്സിംഗ് കോളേജുകളിലും സ്കൂളുകളിലും സീറ്റ് വർദ്ധിപ്പിക്കുകയും പുതുതായി ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ എം.എസ്.സി.നഴ്സിംഗ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ് ബേസിക് ബി. എസ്. സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ കോഴ്സുകളും ഗവൺമെന്റ് തലത്തിൽ തുടങ്ങിക്കഴിഞ്ഞു.

(ബി) ഉണ്ട്. സംസ്ഥാനത്തെ നഴ്സിംഗ് സ്ഥാപനങ്ങളിൽ എല്ലാവർഷവും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ മുഖേന പരിശോധന നടത്തുകയും കുറവുകൾ കണ്ടെത്തിയാൽ അവ പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നുണ്ട്. അവ പരിഹരിച്ചോ എന്ന് വീണ്ടും പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരമില്ലാത്ത നഴ്സിംഗ് പഠന സ്ഥാപനങ്ങൾക്കെതിരെ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ നടപടി എടുത്തിട്ടുണ്ട്.

(ഡി) നൽകിവരുന്നുണ്ട്.

മലയോര മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫിന്റെ അപര്യാപ്തത

46 (634) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മലയോര മേഖലയിൽ പ്രവർത്തിക്കുന്ന വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും മതിയായ സ്റ്റാഫ് ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു ;

(സി) തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫീൽഡ് സ്റ്റാഫിന്റേയും ഡോക്ടർമാരുടേയും അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്ഥിരമായി ഫീൽഡ് സ്റ്റാഫിനേയും ഡോക്ടറേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിതുരയിൽ അസിസ്റ്റന്റ് സർജന്റെ ഒരൊഴിവും സിവിൽ സർജന്റെ ഒരൊഴിവും ആറുമാസമായി നിലവിലുണ്ട്. ടി-സിവിൽ സർജന്റെ ഒഴിവിൽ ഉദ്യോഗക്കയറ്റം വഴി നിയമനം നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജന്റെ ഒഴിവിൽ നിയമിച്ച ഡോക്ടർ ജോയിൻ ചെയ്തിട്ടില്ലാത്തതിനാൽ ടി ഒഴിവ് നിലനിൽക്കുന്നു. നേഴ്സ് പാരാമെഡിക്കൽ വിഭാഗത്തിലുള്ള ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എൻ.ആർ.എച്ച്.എം. -ലെ രണ്ട് ഡോകടർമാർ ഉൾപ്പെടെ 3 പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾ അതേ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മലയടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് സ്റ്റാഫ് മുഖാന്തിരം നടത്തിവരുന്നുണ്ട്. സ്ഥിരമായി ഇവിടെ ഫീൽഡ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ഹെൽത്ത് സർവ്വീസ്, മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ വകുപ്പുകളിലെ പ്ലംബർ തസ്തിക

47 (635) ശ്രീ. അടൂർ. പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസ്, മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ വകുപ്പുകളിൽ ആകെ എത്ര പ്ലംബർ തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിലവിൽ എത്ര തസ്തികകൾ ഒഴിവായി കിടക്കുന്നു ;

(സി) പി.എസ്.സി-ക്ക് നാളിതുവരെ റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം വ്യക്തമാക്കുക ;

(ഡി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ വ്യവസ്ഥയിലും താൽക്കാലിക വ്യവസ്ഥയിലും ആളുകളെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വിശദീകരിക്കുമോ ;

(ഇ) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഹെൽത്ത് സർവ്വീസിൽ പ്ലംബർമാരുടെ 19 തസ്തികകൾ നിലവിലുണ്ട്. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഹെൽത്ത് സർവ്വീസിൽ രണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്നു. (കണ്ണൂർ ജില്ല - 1, ആലപ്പുഴ ജില്ല - 1)

LIBRARY ARCHIVES Kerala Legislative Assembly